**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :473 03.03.2020-ലെ മറുപടിക്ക്

## വ്യവസായശാലകളിലെ മാലിന്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്ത് വ്യവസായശാലകളിൽ നിന്നും അനിയന്ത്രിതമായി മാലിന്യം പുറന്തള്ളുന്നതായുള്ള വസ്തുത പരിശോധിച്ചിട്ടുണ്ടോ; | **(എ)** പരിശോധിച്ചിട്ടുണ്ട്. |
| **(ബി)** ഇതുമൂലമുണ്ടാകുന്ന അന്തരീക്ഷ മലിനീകരണം, ജലമലിനീകരണം എന്നിവ ലഘൂകരിക്കുന്നതിനായി വ്യവസായ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ; | **(ബി)** വ്യവസായ എസ്റ്റേറ്റുകളിൽ ആകെ വിസ്തീർണത്തിന്റെ 5 % മലിനീകരണ നിയന്ത്രണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വിനിയോഗിക്കാൻ എല്ലാ ജില്ലകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യവസായ എസ്റ്റേറ്റുകൾക്ക് പുറത്തുള്ള വ്യവസായ സംരംഭങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശ പ്രകാരം മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിക്കുന്നുണ്ട്. മലിനീകരണ നിയന്ത്രണത്തിന്റെ ഭാഗമായി കിൻഫ്രയുടെ ഭക്ഷ്യസംസ്കരണ പാർക്ക്, കാക്കഞ്ചേരി-മലപ്പുറം, അപ്പാരൽ പാർക്ക്-തിരുവനന്തപുരം, ടെക്സ്റ്റൈൽ സെന്റർ, നാട്ടുകാണി-കണ്ണൂർ, കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ-എറണാകുളം എന്നിവിടങ്ങളിൽ മലിനീകരണ നിയന്ത്രണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട് |
| **(സി)** ഇതിനനുസരിച്ച് എത്ര വ്യവസായശാലകളിൽ മലിനീകരണനിയന്ത്രണ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ; | **(സി)** കിൻഫ്രയുടെ നേതൃത്വത്തിൽ നാല് വ്യവസായ പാർക്കുകളിൽ മലിനീകരണ നിയന്ത്രണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കിയ ശേഷമാണ് മലിനീകരണ നിയന്ത്രണ ബോർഡ് വ്യവസായ ശാലകൾക്ക് അനുമതി നൽകി വരുന്നത്. |

| | |
|---|---|
| **(ഡി)** എത്ര വ്യവസായശാലകളിൽ മലിനീകരണ നിയന്ത്രണ പരിപാടികൾ പൂർത്തീകരിക്കാനുണ്ട്; വിശദവിവരങ്ങൾ വെളിപ്പെടുത്താമോ? | **(ഡി)** പാലക്കാട് കിൻഫ്ര മെഗാ ഫുഡ് പാർക്കിലും അട്ടൂരിലെ ചെറുകിട വ്യവസായ പാർക്കിലും മലിനീകരണ നിയന്ത്രണ പ്ലാന്റുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**